(ബി) ഇവരിൽ മരിച്ച സ്ത്രീകളെത്ര ; പുരുഷൻമാരെത്ര ;

(സി) 'മ' പ്രസിദ്ധീകരണങ്ങളും പൈങ്കിളി കഥകളും വായിച്ച് ആത്മഹത്യ ചെയ്തവരെത്രയെന്ന് വ്യക്തമാക്കാമോ ; ഇത്തരം പ്രസിദ്ധീകരണങ്ങൾക്കെതിരെ എന്ത് നടപടി എടുക്കാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ആത്മഹത്യകളും കൊലപാതകങ്ങളും നടന്നിട്ടുള്ള ജില്ല ഏതാണ് ?

ഉത്തരം

(എ,ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ആത്മഹത്യ ചെയ്തവരാരും ഏതെങ്കിലും പ്രസിദ്ധീകരണങ്ങളോ കഥകളോ വായിച്ചതിന്റെ ഫലമായിട്ടാണ് ജീവിതം അവസാനിപ്പിച്ചതെന്ന് ഇതുവരെ വെളിപ്പെട്ടിട്ടില്ല.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ബന്തിനോടനുബന്ധിച്ച് കസ്റ്റഡിയിൽ എടുക്കപ്പെട്ടവർ

159. [222] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 26-2-1986-ൽ ബന്ത് ദിവസവും അതിന്റെ തലേദിവസവും ആയി കരുതൽ നടപടിയായി എത്രപേരെ പോലീസ് കസ്റ്റഡിയിലെടുത്തു.

(ബി) ബന്തുദിവസം എത്രപേരെ പോലീസ് നീക്കം ചെയ്തു ;

(സി) ബന്തിനോടനുബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു ;

(ഡി) ഇതിൽ എത്ര പ്രതികളുണ്ട് ;

(ഇ) ഇവരുടെ പേരിലുള്ള കേസ്സുകൾ പിൻവലിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ഉത്തരം

(എ) 1938 പേരെ

(ബി) വിവിധ സ്ഥലങ്ങളിൽ പബ്ലിക് ഓഫീസുകളും ട്രെയിനും പിക്കറ്റ് ചെയ്തവരെ നീക്കം ചെയ്യുകയുണ്ടായി. കൃത്യമായി എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(സി) 31.

(ഡി) 192.

(ഇ) കേസ്സിന്റെ സ്വഭാവത്തെ ആശ്രയിച്ചാണ് തീരുമാനങ്ങൾ എടുക്കുന്നത്.

കുന്നത്തുകാൽ പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസറുടെ പേരിലുള്ള കേസ്

160. [223] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1981-ൽ കുന്നത്തുകാൽ പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസറുടെ പേരിൽ ക്രൈം 1/82 നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തുവോ ;

(ബി) പ്രസ്തുത കേസ് ചാർജ്ജ് ചെയ്തോ ;

LIBRARY ARCHIVES Kerala Legislative Assembly